# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, ആലപ്പുഴ

സാധ്യത പട്ടിക നമ്പർ: 14/2013/DOA ആലപ്പുഴ
കാറ്റഗറി നമ്പർ: 438/2009 19/09/2013

## വിജ്ഞാപനം

14.12.2009 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ 5250-8390 (PR) രൂപ ശമ്പള നിരക്കിൽ എൽ.ഡി ക്ലാർക്ക് NCA SIUCN/AI (കാറ്റഗറി നമ്പർ 438/2009) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 03.03.2012 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ താൽക്കാലികമായി യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർക്കുന്നു. പരീക്ഷാ രജിസ്റ്റർ നമ്പറിൻെറ ക്രമത്തിൽ മാത്രമാണ് നമ്പറുകൾ പ്രസിദ്ധീകരിക്കുന്നത്. രജിസ്റ്റർ നമ്പറുകളുടെ ക്രമീകരണം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥികളുടെ റാങ്ക് ക്രമീകരണത്തെ സൂചിപ്പിക്കുന്നില്ല.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപായി ഈ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥി കളുടെ ജനനതീയതി, സമുദായം യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

ഒ.എം.ആർ പരീക്ഷയ്ക്ക് 62 (അറുപത്തിരണ്ട്) മാർക്കും അതിൽക്കൂടുതലും നേടിയ ഉദ്യോഗാർത്ഥികളെയാണ് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്റർ നമ്പറുകൾക്കു മുൻപായി ആലപ്പുഴ ജില്ലയെ സൂചിപ്പിക്കുന്ന 'A' എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## സാധ്യതാ പട്ടിക

| | | | |
|---|---|---|---|
| **100622** | **100727** | **101018** | **101229** |
| **101682** | **101786** | **102232** | **102275** |
| **102419** | **102529** | | |

കുറിപ്പ്: 1. അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധി കമായിട്ടാണ് ഈ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടികയിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2.ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാന മാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവും തുടർന്ന് സ്വീകരിക്കുന്നതല്ല.

3.സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ-അതായത് വിദ്യാഭ്യാസ യോഗ്യത ജനന ത്തീയതി, ജാതി, എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നുവെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ പരിശോധന ആലപ്പുഴ പി എസ് സി

ആഫീസിൽ വച്ച് നടത്തുന്നതാണ്. സമയം തീയതി എന്നിവ സംബന്ധിച്ച വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്. അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

4. ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കുള്ള അപേക്ഷകളും ഒ.എം.ആർ ഉത്തരക്കട ലാസ്സിൻെറ പകർപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷകളും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ പരിഗണിക്കുകയുള്ളു.

5. ഉത്തരക്കടലാസ്സ് അസാധുവാക്കപ്പെട്ടവരുടെ രജിസ്റ്റർ നമ്പർ അടങ്ങുന്ന വിജ്ഞാപനം Invalidated Notification ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6. സംവരണാനുകൂല്യം തെളിയിക്കുന്നതിന് ഉദ്യോഗാർത്ഥികൾ G.O(P)No.81/2009/SCSTDD dated 26.09.2009 പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റിൻെറ അസ്സലും സ്വയം സാക്ഷ്യ പ്പെടുത്തിയ പകർപ്പും രേഖകളുടെ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം അവരുടെ രജിസ്റ്റർ നമ്പരുകൾ ഒരറിയിപ്പും കൂടാതെ തന്നെ ഈ സാധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

7. സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രമാണങ്ങളുടെ പരിശോധനയ്ക്ക് ഹാജരാകുവാൻ വ്യക്തിഗതമെമ്മോ അയയ്കുന്നതാണ്.

8. സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽരേഖകളും പകർപ്പു കളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, ആലപ്പുഴ

Approved for issue

Section Officer

Date & Time of Certificate Verification

**Date: 17/10/2013 : All Candidates ( 10 Numbers)**

**Time : 9.00 a.m**

**Venue : KPSC District Office, , Alappuzha, South of Collectorate, Alissery Ward**

k/m.n C2/